## പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 314 | 03.02.2020 ൽ മറുപടിയ്ക്ക് |
|---|---|
| **സംയോജിത ശിശുവികസന സേവന പദ്ധതിയുടെ ഭാഗമായുള്ള സർവ്വേ** | |
| ചോദ്യം | മറുപടി |
| **ശ്രീ.കെ.സി.ജോസഫ്** | **കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)** |
| എ) സംയോജിത ശിശുവികസന സേവന പദ്ധതിയുടെ (ഐ.സി.ഡി.എസ്) ഭാഗമായുള്ള സർവ്വേ ആരംഭിച്ചിട്ടുണ്ടോ; | എ) സംയോജിത ശിശുവികസന പദ്ധതിയുടെ ഭാഗമായുള്ള സർവ്വേ പുരോഗമിച്ച് കൊണ്ടിരിക്കുകയാണ്. |
| ബി) പ്രസ്തുത സർവ്വേ സംസ്ഥാനത്ത് പല ഭാഗങ്ങളിലും തടസ്സപ്പെടുത്തിയ സാഹചര്യം ഉണ്ടായിട്ടുണ്ടോ; | ബി) ചില ജില്ലകളിൽ തെറ്റിദ്ധാരണകൾ മൂലം അല്പം തടസ്സം നേരിടേണ്ടി വന്നിട്ടുണ്ട്. |
| സി) ഈ സർവ്വേയിൽ ജാതി, മത വിവരങ്ങൾ ശേഖരിക്കുന്നതാണ് വ്യാപക വിമർശനത്തിനും, തടസ്സപ്പെടുത്തലിനും കാരണമായത് എന്നത് വസ്തുതയല്ലേ; | സി) നാളിതുവരെയുള്ള രീതി തന്നെയാണ് ഇപ്പോഴും തുടർന്ന് വരുന്നത്. വാർഷിക സർവ്വേയിൽ ഈ സർക്കാർ കൂട്ടുതലായി ചോദ്യങ്ങൾ ഒന്നും തന്നെ ചേർത്തിട്ടില്ല. |
| ഡി) സർവ്വേയിൽ തീർത്തും അപ്രസക്തമായ ജാതിമത വിവരങ്ങൾ ആരായുന്നത് എന്ത് അടിസ്ഥാനത്തിലാണ്; | ഡി) എല്ലാ വർഷവും ശേഖരിക്കുന്ന വാർഷിക സർവ്വെയുടെ ഭാഗമായി അങ്കണവാടി വർക്കർമാർ ശേഖരിച്ച് വയ്ക്കുന്ന വിവരങ്ങളാണ് സർക്കാരിന്റെ പല വകുപ്പുകൾക്കും ലഭ്യമാകുന്നത്. |
| ഇ) വിവര ശേഖരണത്തിന് നിയുക്തരായിട്ടുള്ള അങ്കണവാടി ജീവനക്കാരോട് ജനങ്ങൾ ചോദിക്കുന്ന സംശയങ്ങൾക്ക് കൃത്യമായ മറുപടി നൽകാത്തതാണ് ഇത്തരം പ്രതിഷേധങ്ങൾക്ക് കാരണമെന്നതിനാൽ അവർക്ക് ഈ | ഇ) അങ്കണവാടി വർക്കർമാർക്ക് മതിയായ പരിശീലനം നല്കിയതിനുശേഷമാണ് വിവര ശേഖരണം ആരംഭിച്ചത്. കൂടാതെ ചിലയിടങ്ങളിൽ പ്രതിഷേധം രൂപപ്പെട്ടപ്പോൾ പത്ര മാധ്യമങ്ങളിൽ കൂടിയും നവമാധ്യമങ്ങളിൽ |

| | |
|---|---|
| ദൗത്യത്തെ കുറിച്ച് കൃത്യവും, സമഗ്രവുമായി വിവരം നൽകുന്നതിനും ജനങ്ങളുടെ ആശങ്ക അകറ്റുന്നതിനും നടപടി സ്വീകരിക്കുമോ? | കൂടിയും ഇതിനെക്കുറിച്ചുള്ള വിശദീകരണം സർക്കാർ നൽകിയിട്ടുണ്ട്. |

Sun

സെക്ഷൻ ഓഫീസർ